# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ് വയനാട്

റാങ്ക് ലിസ്റ്റ് നം.**423/13/DOW** നോർത്ത് കൽപ്പറ്റ
കാറ്റഗറി നമ്പർ: 11/2011 തീയ്യതി: **30-09-2013**

## വിജ്ഞാപനം

31-03-2011 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം വയനാട് ജില്ലയിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 4990-7435 (PR) രൂപാ ശംബള നിരക്കിൽ **ഇലക്ട്രിസിറ്റി വർക്കർ/ മസ്ദൂർ** (കാറ്റഗറി നം.11/2011) തസ്തികയിലേക്ക് 12-11-2011 ന് നടന്ന OMR പരീക്ഷ, തുടർന്ന് നടന്ന ശാരീരിക അളവെടുപ്പ്, സൈക്ലിംഗ് ടെസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ യോഗ്യരെന്ന് കത്തെിയ ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക താഴെ കൊടുക്കുന്നു. ഈ റാങ്ക് പട്ടികയ്ക്ക് 30-09-2013 മുതൽ പ്രാബല്യമുായിരിക്കുന്നതാണ്.

ഈ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയ്ക്ക് ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്ക പ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുായിരിക്കുന്നതല്ല. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എഴുതി അറിയിക്കുന്ന ഒഴിവുകളുടെ എണ്ണത്തിനനുസരിച്ച്, നിലവിലുള്ള നിയമന ശിപാർശാ –സംവരണ ചട്ടങ്ങൾക്കും കാലാകാലങ്ങളിൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായിട്ടായിരിക്കും ഈ റാങ്ക് ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുന്നത്. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് നിയമന ശിപാർശ നടത്തുന്നത് എന്നതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ ലഭിക്കണമെന്നില്ല. റാങ്ക് ലിസ്റ്റ് റദ്ദാക്കപ്പെടുന്ന സമയത്ത് റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ പിന്നീട് നിയമന ശിപാർശയ്ക്ക് അർഹത ഉ ായിരിക്കുന്നതല്ല.

റാങ്ക് ലിസ്റ്റിലെ എട്ടാം കോളത്തിലെ ജാതി/സമുദായം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉദ്യോഗാർത്ഥി തങ്ങളുടെ അപേക്ഷയിൽ അവകാശപ്പെടുകയും രേഖകൾമുഖേന തെളിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഇതിനു വിരുദ്ധമായി വല്ല രേഖപ്പെടുത്തലുകളും പ്രസ്തുത കോളത്തിൽ വന്നുപോയിട്ടുങ്കെിൽ, ഉദ്യോഗാർത്ഥി മേൽ വസ്തുത, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ് വയനാട്, നോർത്ത് കൽപ്പറ്റ, 673122 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിച്ച് അർഹമായ സംവരണാനുകൂല്യം ലഭ്യമാക്കേതാണ്. നിശ്ചിത

സമയത്തിനുള്ളിൽ ഇത്തരം അപേക്ഷകൾ നൽകാത്തപക്ഷം റാങ്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയ പ്രകാരം തന്നെ ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്യുന്നതാണ്.

നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസുകളുടെ പുനർ മൂല്യ നിർണ്ണയം നടത്തുന്നതല്ല. ഉത്തരക്കടലാസുകളുടെ പുന:പരിശോധന നടത്തുന്നതാണ്. ആയതിലേക്ക് 0051-PSC-105-STATEPSC 99 EXAMINATION FEE എന്ന ഹെഡ് ഓഫ് അക്കൗിൽ 50/- രൂപ ചെലാൻ ഒടുക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ് വയനാട്, നോർത്ത് കൽപ്പറ്റ, 673122 എന്ന വിലാസത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം അപേക്ഷിക്കേതാണ്. നിശ്ചിത മാതൃകയിലുള്ള പ്രസ്തുത അപേക്ഷ കമ്മീഷന്റെ വെബ്സൈറ്റിലും വിവിധ ജില്ലാ ഓഫീസുകളിലെ അന്വേഷണ വിഭാഗത്തിലും (സൗജന്യമായി) ലഭിക്കുന്നതാണ്. നിശ്ചിത മാതൃകയിലല്ലാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് തിരിച്ച് നൽകുന്നതല്ല. അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ പുന:പരിശോധന അനുവദിക്കുന്നതല്ല.

ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി ആവശ്യമുള്ളവർ 0051-PSC-800-STATEPSC 99-OTHER RECEIPTS എന്ന ഹെഡ് ഓഫ് അക്കൗിൽ 200/- രൂപ ചെലാൻ ഒടുക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ് വയനാട്, നോർത്ത് കൽപ്പറ്റ, 673122 എന്ന വിലാസത്തിൽ അപേക്ഷിക്കേതാണ്. ഒരു ഉദ്യോഗാർത്ഥിയ്ക്ക് ഒരു തവണ മാത്രമേ ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി നൽകുകയുള്ളൂ. അസാധുവാക്കപ്പെട്ട ഉത്തര ക്കടലാസുകളുടെ ഫോട്ടോകോപ്പി നൽകുന്നതല്ല. തന്റേതല്ലാത്ത ഉത്തരക്കടലാസിന് ഒരു ഉദ്യോഗാർത്ഥി അപേക്ഷിക്കാൻ പാടുള്ളതല്ല. അത്തരത്തിൽ അപേക്ഷിച്ചതായി തെളിഞ്ഞാൽ പ്രസ്തുത ഉദ്യോഗാർത്ഥിക്കെതിരെ കമ്മീഷൻ നിയമ നടപടി സ്വീകരിക്കുന്നതാണ്. ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കും ഫോട്ടോകോപ്പിക്കുമുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15-11-2013 ആണ്. മേൽ തീയതിക്ക് ശേഷം ലഭിക്കുന്ന ഉത്തരക്കടലാസ് പ ുന:പരിശോധനയ്ക്കും ഫോട്ടോകോപ്പിക്കുമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്ന താണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

**എം.ആർ. ജീവൻലാൽ**
**ജില്ലാ ഓഫീസർ**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്: വയനാട്**

**വിതരണാനുമതിനൽകുന്നു,**

സെക്ഷൻ ഓഫീസർ

# KERALA PUBLIC SERVICE COMMISSION

## Application for obtaining Photo copy of the OMR Sheet

(Fill in all columns)

prescribed fee of Rs.**200/-** shall be remitted in any of the Treasuries in the State which is to be credited to the **Head of Account "0051-PSC-800-State PSC-99- other Receipts"** and original chalan receipt attached with this application. For more details refer to notification publishing the Short List or Ranked List relating to the test.

Space for date stamp of PSC Office.

1. Name & Address of the applicant :

2. Name of Post :

3. Category No. :

4. Whether applied for Photo copy of the answer script of this test earlier :

5. Register number of the applicant (with prefix such as S,T,Q etc if any)

6. Address to which copy is to be sent :

7. Particulars of remittance:

Amount :

Name of Treasury :

Chalan No.& Date :

**DECLARATION**

I hereby declare that I have applied for Photo copy of **my own OMR answer script** for the aforesaid test and that the details furnished above are true to the best of my knowledge and belief.

Place :

Date :

**Signature of candidate**

**ഒ.എം.ആർ ഉത്തരക്കടലാസിന്റെ Photo കോപ്പി നൽകുന്നത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നു.**

1. **ഒ.എം.ആർ ഉത്തരക്കടലാസിന്റെ Photo കോപ്പി ആവശ്യമുള്ള ഉദ്യോഗാർത്ഥികൾ 200 രൂപ ഫീസ് '0051-PSC-800 Other receipts-99-other receipts" F¶ Head of Account ൽ ഒടുക്കി original Chalan സഹിതം റാങ്ക് ലിസ്റ്റ് അംഗീകരിച്ച തീയ്യതി മുതൽ 45 ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

2. **01–06–2009 മുതൽ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകൾക്ക് ഈ ഉത്തരവ് ബാധകമാണ്.**

3. **സ്വന്തം ഉത്തരക്കടലാസിന്റെ പകർപ്പ് മാത്രമേ നൽകുകയുള്ളു.**

4. **ഒരു തവണ മാത്രമേ കോപ്പി നൽകുകയുള്ളു.**

5. **ഉത്തരക്കടലാസിന്റെ ജവീേീ കോപ്പി Registered Post ൽ അയക്കുന്നതാണ്.**

6. **ഉത്തരക്കടലാസുകളുടെ അ,ആ ഭാഗങ്ങളുടെ കോപ്പികൾ നൽകുന്നതാണ്.**

7. **തന്റേതല്ലാത്ത ഉത്തരക്കടലാസ് ആവശ്യപ്പെട്ടുവെന്ന് തെളിഞ്ഞാൽ അപേക്ഷകനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.**

8. **ന്യൂനത മൂലം അസാധു ആക്കപ്പെടുന്ന ഉത്തരക്കടലാസുകളുടെ പകർപ്പ് നല്കുന്നതല്ല.**